# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1420** — **03/10/2016-ൽ മറുപടിക്ക്**

## ന്യായവില മെഡിക്കൽ സ്റ്റോറുകൾ

**ചോദ്യം**

**ശ്രീ. മുല്ലക്കര രത്നാകരൻ**
**,, ആർ. രാമചന്ദ്രൻ**
**,, കെ. രാജൻ**
**,, എൽദോ എബ്രഹാം**

**മറുപടി**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) സർക്കാരിന്റെ വിവിധ ഏജൻസികൾ നടത്തുന്ന ന്യായവില മെഡിക്കൽ സ്റ്റോറുകളിൽ ഒരേ മരുന്നിന് പല വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഒരു മരുന്ന് ഒരേ വിലയിൽ തന്നെ സർക്കാർ നിയന്ത്രണത്തിലും സഹകരണ മേഖലയിലുമുള്ള സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | എ) യും ബി) യും | ഉണ്ട്. കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോർ, സപ്ലൈകോയുടെ കീഴിൽ പ്രവർത്തിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസി ഇവയെല്ലാം തന്നെ വ്യത്യസ്ത മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നതിനാൽ ഇവയുടെ സംഭരണ രീതിയും വിൽപ്പനവില നിശ്ചയിക്കുന്ന രീതിയിലും ഏറ്റക്കുറച്ചിലുകൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൊത്തത്തിലുള്ള സംഭരണത്തിൽ നിർമ്മാതാക്കളുമായി ചർച്ചകൾ നടത്തി വാങ്ങൽ വില നിശ്ചയിച്ചുറപ്പിച്ചതിൻ പ്രകാരം ഓരോ സ്ഥാപനത്തിനും ലഭിക്കുന്ന വിലയിൽ നിശ്ചിത ലാഭശതമാനം കൂട്ടിച്ചേർത്താണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ആയതിനാൽ ഏകീകൃത വില നടപ്പിലാക്കുക എന്നത് പ്രായോഗികമല്ല. എന്നിരുന്നാലും വിപണിയിൽ ലഭ്യമായി കൊണ്ടിരിക്കുന്ന മരുന്നുകളുടെ മാക്സിമം റീട്ടെയിൽ പ്രൈസിനെക്കാളും നിശ്ചിത ശതമാനം വില കുറച്ചാണ് ഈ സ്ഥാപനങ്ങളിൽ മരുന്നു വിതരണം നടത്തി വരുന്നത്. |
| സി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാരുണ്യാ | സി) | മൊത്തത്തിലുള്ള സംഭരണത്തിൽ നിർമ്മാതാക്കളുമായി ചർച്ചകൾ നടത്തി |

ഫാർമസി, മെഡിക്കൽ കോളേജ് പേയിംഗ് കൗണ്ടർ, എസ്.എ.ടി ഡ്രഗ്സ് ബാങ്ക്, എച്ച്.എൽ.എൽ. ലൈഫ് കെയർ കൗണ്ടർ എന്നിവിടങ്ങളിൽ ഒരേ മരുന്ന് /മെഡിക്കൽ ഉപകരണം പലവിലയ്ക്ക് വില്ക്കുന്നത് തടയുന്നതിനും ഒരേ വില തന്നെ ഈടാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

വാങ്ങൽ വില നിശ്ചയിച്ചുറപ്പിക്കുന്നതിൻ പ്രകാരം ഓരോ സ്ഥാപനത്തിനും ലഭിയ്ക്കുന്ന വിലയിൽ നിശ്ചിത ലാഭ ശതമാനം കൂട്ടിച്ചേർത്താണ് വിൽപ്പനവില നിശ്ചയിക്കുന്നത്. ആയതുകൊണ്ടുതന്നെ ഏകീകൃത വില നടപ്പിലാക്കുക എന്നത് പ്രായോഗികമല്ല.

സെക്ഷൻ ഓഫീസർ